ജലവിതരണ/മലിനജല നിവാരണ പദ്ധതികളുടെ പ്രവർത്തനം

*8 [510] ശ്രീ. മത്തായി ചാക്കോ:
,, പിരപ്പൻകോട് മുരളി:
,, സാജു പോൾ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ജലവിതരണ/മലിനജല നിവാരണ പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര പദ്ധതി സഹായം ഏതെങ്കിലും കാര്യത്തിൽ ലാപ്സായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ, എന്ത് തുക വീതം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലാപ്സായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്താത്തതുമൂലം ലാപ്സായിട്ടുള്ള കേന്ദ്രസഹായം എത്രയാണ്;

(ഡി) കേന്ദ്ര സഹായ പദ്ധതികളിൽ ഏതെങ്കിലും ഫണ്ട് വക മാറ്റി ചെല വഴിക്കേണ്ടതായി വന്നിട്ടുണ്ടോ;

(ഇ) ഏതെങ്കിലും പണികൾക്ക് ക്രമരഹിതവും നടപടിവിരുദ്ധവുമായി ചെലവ് വരുത്തിയതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ജലവിതരണ പദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കേരള വാട്ടർ അതോറിറ്റി വഴി നടപ്പാക്കുന്ന കേന്ദ്ര സഹായപദ്ധതികളുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.† ഇതു കൂടാതെ കേന്ദ്ര സഹായത്തോടെ കൊല്ലം-കാസർഗോഡ് ജില്ലകളിലെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ സ്വജൽധാര 2 പദ്ധതിയനുസരിച്ചുള്ള ചെറിയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്ത് കേന്ദ്ര സർക്കാർ സഹായത്തോടെ മലിനജല നിവാരണ പദ്ധതികളൊന്നും ജലവിഭവ വകുപ്പ് നടത്തുന്നില്ല.

(ബി) ഉണ്ട്. രണ്ടു വർഷത്തിനുള്ളിൽ ലാപ്സായിട്ടുള്ള തുകയുടെ വിശദ വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ കാരണത്താൽ ഫണ്ട് ലാപ്സായിട്ടില്ല.

(ഡി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികൾക്ക് ചെലവു വരുത്തുന്നതിലെ അപാകതകളും, നടപടിക്രമങ്ങളിലെ വീഴ്ചകളും വർഷാവർഷം പുറപ്പെടുവിക്കുന്ന Comptroller and Auditor General of India റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിക്കാറുണ്ട്. ഇവ സംബന്ധിച്ച വിശദീകരണങ്ങൾ നിയമസഭാ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിക്കു മുമ്പാകെ സമർപ്പിച്ചുവരുന്നു.

നദീജലക്കരാർ പുനഃപരിശോധിക്കുന്നതിന് നിയമനിർമ്മാണം

*9 [511] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചജലം ഇല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള നദീജലക്കരാർ പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ സർക്കാർ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല കരാറുകൾ റദ്ദാക്കുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ പറമ്പിക്കുളം ആളിയാർ നദീജലക്കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. മറ്റ് നദീജലക്കരാറുകൾ പുനഃപരിശോധിക്കുന്ന കാര്യം കരാറുകൾ പുനഃപരിശോധിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ നിയമസഭ പാസ്സാക്കുന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള കരാർ പ്രകാരം മാത്രമേ സംസ്ഥാനത്തിലെ ജലസ്രോതസ്സുകളിൽ നിന്നും അന്യസംസ്ഥാനങ്ങൾക്ക് ജലം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് നിയമനിർമ്മാണങ്ങൾ ഒന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly